# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27-12-2025** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. ഗോവ, കർണാടക, ഝാർഖണ്ഡ് സംസ്ഥാനങ്ങളിലേക്കുള്ള, രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നാലുദിവസത്തെ സന്ദർശനത്തിന് തുടക്കം.

   **President Droupadi Murmu will be on a four-day visit to Goa, Karnataka, and Jharkhand beginning today.**

2. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ രണ്ട് ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ തിരുവനന്തപുരത്ത് എത്തും.

   **Vice President C. P. Radhakrishnan will arrive in Thiruvananthapuram the day after tomorrow for a two-day visit.**

3. സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു; പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷനായി.

   **PM Narendra Modi chairs 5th National Conference of Chief Secretaries in New Delhi.**

4. പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' നാളെ രാവിലെ 11 മണിക്ക്.

   **PM Narendra Modi to share his thoughts in Mann Ki Baat programme tomorrow.**

5. 84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ കണ്ണൂരിൽ ഉദ്ഘാടനം ചെയ്യും.

**Chief Minister Pinarayi Vijayan will inaugurate the 84th Indian History Congress in Kannur tomorrow.**

6. **പശ്ചിമ ബംഗാളിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഹിയറിങ് ആരംഭിച്ചു; കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികൾ ജനുവരി 22 വരെ സമർപ്പിക്കാം.**

**Hearing on Special Intensive Revision of electoral rolls begins in West Bengal; Complaints on draft voter list in Kerala can be submitted till January 22.**

**************************************

## PREZ-VISIT

ഗോവ, കർണാടക, ഝാർഖണ്ഡ് സംസ്ഥാനങ്ങളിലേക്കുള്ള, രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നാല് ദിവസത്തെ സന്ദർശനത്തിന് ഇന്നു തുടക്കം. ഇന്ന് ഗോവയിലെത്തുന്ന രാഷ്ട്രപതി, നാളെ, കർണാടകയിലെ കാർവാർ തുറമുഖത്തുനിന്ന് അന്തർവാഹിനിയിൽ കടൽ യാത്ര നടത്തും. തിങ്കളാഴ്ച, ഝാർഖണ്ഡിലെ ജംഷഡ്പുരിൽ ഓൾ ചിക്കി ലിപിയുടെ ശതാബ്ദി ആഘോഷങ്ങളിലും എൻ.ഐ.ടി ജംഷഡ്പുരിന്റെ 15-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി സംബന്ധിക്കും.

**************************

## VP-KERALA VISIT

രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ മറ്റന്നാൾ തിരുവനന്തപുരത്ത് എത്തും. വൈകിട്ട് പാളയം എൽ. എം. എസിൽ സ്നേഹസംഗമം പരിപാടിയിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. 30 ന് വർക്കല ശിവഗിരിയിലും തുടർന്ന് നാലാഞ്ചിറ മാർ ഇവാനിയോസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി സമാപന ചടങ്ങിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

**************************

## REV. PM-CHIEF SECRETARIES

സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. ഇന്ന്, പ്രധാനമന്ത്രി നരേന്ദ്ര മോദി യോഗത്തിൽ അധ്യക്ഷനായി. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ നാളെയും പ്രധാനമന്ത്രി പങ്കെടുക്കും. ദേശീയ വികസന മുൻഗണനകളെക്കുറിച്ചുള്ള സുസ്ഥിരമായ ചർച്ചകളിലൂടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം.

**************************

## SIR - WB

പശ്ചിമ ബംഗാളിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഹിയറിങ് ആരംഭിച്ചു. 3,234 കേന്ദ്രങ്ങളാണ് ഇതിനായി സജ്ജമാക്കിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ, 2002-ലെ വോട്ടർ പട്ടികയുമായി ബന്ധം കണ്ടെത്താൻ കഴിയാത്ത ഏകദേശം 32 ലക്ഷം 'അൺമാപ്പ്ഡ്' വോട്ടർമാരെയാണ് ഹിയറിംഗിനായി വിളിച്ചത്.

**************************

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്. കരടു പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

**************************

## RARE EARTH MINERALS (INTRO)

ഇന്ത്യയുടെ തീരദേശ, ഉൾനാടൻ പ്രദേശങ്ങളിലായി കാണപ്പെടുന്ന അപൂർവ-ഭൗമ ധാതുക്കളുടെ ശേഖരം വേർതിരിച്ചെടുക്കുന്നതിനും, ഇതിൽ നിന്ന് സ്ഥിരം കാന്തങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും ദേശീയ പദ്ധതി നടപ്പിലാക്കാനൊരുങ്ങി കേന്ദ്ര സർക്കാർ. ഇതിനായി 7,000 കോടിയിലധികം രൂപയാണ് നീക്കിവയ്ക്കുന്നത്.

**വിശദാംശങ്ങളിലേക്ക്...**

*(വോയിസ്)*

*ആന്ധ്രാപ്രദേശ്, ഒഡിഷ, തമിഴ്നാട്, കേരളം, പശ്ചിമ ബംഗാൾ, ഝാർഖണ്ഡ്, ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ തീരദേശ കടൽത്തീര മണലുകൾ, ചുവന്ന മണൽ, ഉൾനാടൻ അലൂവിയം എന്നിവയിലാണ് ഈ അപൂർവ-ഭൗമ ധാതുക്കളുടെ ശേഖരം കൂടുതലായി കാണപ്പെടുന്നുത്. ഉയർന്ന മൂല്യമുള്ള കാന്തങ്ങൾക്കായി രാജ്യത്തെ ആദ്യത്തെ സംയോജിത ആഭ്യന്തര ഉൽപാദന ആവാസവ്യവസ്ഥ നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ സംരംഭം ഇന്ത്യയുടെ ഊർജ്ജ പരിവർത്തനത്തെ പിന്തുണയ്ക്കുകയും ആഭ്യന്തര വ്യാവസായിക ശേഷി ശക്തിപ്പെടുത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. പദ്ധതിയുടെ വിജയം മുന്നിൽകണ്ട് ഓസ്ട്രേലിയ, അർജന്റീന, സാംബിയ എന്നിവയുൾപ്പെടെ ധാതു സമ്പന്നമായ രാജ്യങ്ങളുമായി കേന്ദ്ര ഖനി മന്ത്രാലയം ഇതിനകം ഉഭയകക്ഷി കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. ഇലക്ട്രിക് മൊബിലിറ്റി, പുനരുപയോഗ ഊർജ്ജം, ഇലക്ട്രോണിക്സ്, എയ്റോസ്പേസ്, പ്രതിരോധം തുടങ്ങിയ തന്ത്രപരവും ഉയർന്ന വളർച്ചയുള്ളതുമായ മേഖലകൾക്കുള്ള വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനും ഈ നീക്കം വഴിയൊരുക്കും.*
*ന്യൂസ് ഡെസ്ക് ആകാശവാണി....*

**************************

## GURU GOVIND SINGH- BIRTH - VP

സിഖ് മതത്തിന്റെ പത്താമത്തെ ഗുരുവും ഖൽസ പന്തിന്റെ സ്ഥാപകനുമായ ശ്രീ ഗുരു ഗോവിന്ദ് സിംഗ് ജി മഹാരാജിന്റെ 359-ാം ജന്മവാർഷികം ഇന്ന്. പട്ന, അമൃത്സർ എന്നിവിടങ്ങളിലും പഞ്ചാബിലും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ ശ്രീ ഗുരു ഗോവിന്ദ് സിംഗ് ജിയുടെ പ്രകാശ് പർവ് ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു.

***************************

## JITENDRA- PRC WORKSHOP

കേന്ദ്ര സർക്കാർ ജീവനക്കാർക്കും ബാങ്ക് ഉദ്യോഗസ്ഥർക്കുമായുള്ള 58-ാമത് പ്രീ-റിട്ടയർമെന്റ് കൗൺസിലിംഗ് വർക്ക്ഷോപ്പ് തിങ്കളാഴ്ച പുണെയിൽ കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്യും. വിരമിക്കുന്ന ജീവനക്കാരുടെ പ്രയോജനത്തിനായി നടത്തുന്ന ഈ ശില്പശാല, പെൻഷൻകാരുടെ ജീവിതം സുഗമമാക്കുന്നതിൽ വിപ്ലവകരമായ ചുവടുവയ്പ്പാണ്.

***************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11-ന്. പരിപാടിയുടെ 129-ാം പതിപ്പാണിത്.

***************************

## YEAR ENDER -INFRASTRUCTURE

ഇന്ത്യയുടെ വികസന യാത്രയിലെ നിർണായക അധ്യായമായി നിലകൊള്ളുകയാണ് 2025. റെയിൽ, റോഡ്, വ്യോമയാനം, സമുദ്രഗതാഗതം, ഡിജിറ്റൽ മേഖല എന്നിങ്ങനെ അടിസ്ഥാനസൗകര്യങ്ങളുടെ എല്ലാ തലങ്ങളിലും, രാജ്യത്തിന്റെ വികസനസ്വപ്നങ്ങൾ യാഥാർത്ഥ്യമായി മാറുന്നതിന് ഈ വർഷം

സാക്ഷ്യം വഹിച്ചു. വിദൂര അതിർത്തി ഗ്രാമങ്ങൾ മുതൽ വൻനഗരങ്ങൾ വരെ, സമ്പർക്കസൗകര്യം വർധിച്ചതോടെ രാജ്യത്തിന്റെ സ്വപ്നങ്ങൾക്ക് കരുത്തുറ്റ അടിത്തറയാണു ലഭിച്ചത്.

****************************

## INDIAN HISTORY CONGRESS

84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസിന് നാളെ തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ആയിരം പ്രതിനിധികൾ പങ്കെടുക്കും.

****************************

## JILLA PANCHAYATH PRESIDENT

കേരളത്തിലെ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരുടെയും വൈസ് പ്രസിഡന്റുമാരുടെയും തിരഞ്ഞെടുപ്പ് ഇന്ന് നടന്നു. ഏഴു ജില്ലാ പഞ്ചായത്തിൽ എൽഡിഎഫും ഏഴിൽ യുഡിഎഫും ഭരണമേറ്റു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശൂർ, പാലക്കാട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് എൽഡിഎഫിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ. യുഡിഎഫ് ഭരണം പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലാ പഞ്ചായത്തുകളിലാണ്.

****************************

## BORN NATHALE (INTRO)

ഗിന്നസ് ബുക്കിൽ ഇടം നേടി ചരിത്രം സൃഷ്ടിച്ച ബോൺ നതാലേയ്ക്കു സാക്ഷ്യം വഹിച്ച് തൃശ്ശൂർ. കേന്ദ്ര സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, സംസ്ഥാന മന്ത്രിമാരായ കെ രാജൻ, ആർ ബിന്ദു തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്....

(വോയിസ്)

***************************

## SABARIMALA

ശബരിമല മണ്ഡലകാല തീർഥാടനത്തിന് ഇന്ന് സമാപനം. മണ്ഡലകാലത്തെ പ്രധാന ചടങ്ങായ മണ്ഡലപൂജ ഇന്ന് രാവിലെ നടന്നു. രാത്രി 11 ന് നട അടയ്ക്കും. മകരവിളക്ക് മഹോത്സവത്തിനായി ഈ മാസം 30-ന് നട വീണ്ടും തുറക്കും.

***************************

## V SIVANKUTTY

സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാരുടെ മിനിമം വേതനം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു മാസത്തിനുള്ളിൽ കരട് വിജ്ഞാപനം പുറപ്പെടുവിക്കാൻ മന്ത്രി വി. ശിവൻകുട്ടി നിർദേശം നൽകി. തിരുവനന്തപുരത്ത് ചേർന്ന യോഗത്തിലാണ് തൊഴിൽ വകുപ്പ് സെക്രട്ടറിക്ക് മന്ത്രി നിർദേശം നൽകിയത്.

***************************

## NATIONAL CONSUMER HELPLINE

ദേശീയ ഉപഭോക്തൃ ഹെൽപ്പ്ലൈൻ വഴി കഴിഞ്ഞ എട്ട് മാസത്തിനുള്ളിൽ 67,000-ത്തിലധികം പരാതികൾ പരിഹരിച്ചതായി ഉപഭോക്തൃ കാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രാലയം. 45 കോടി രൂപയുടെ റീഫണ്ടും നൽകി. ഉപഭോക്താക്കൾക്ക് കോടതി വ്യവഹാരത്തിന് മുൻപ്, മധ്യസ്ഥ ചർച്ചയിലൂടെ പരാതി പരിഹാരം തേടുന്നതിനുള്ള സംവിധാനമായി ഹെൽപ്പ്ലൈൻ മാറിയിട്ടുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി.

***************************

## INDIGO FLIGHTS

രാജ്യത്ത് ഇൻഡിഗോ വിമാന സർവീസുകൾ തടസ്സപ്പെട്ടതിനെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചു. DGCA ജോയിന്റ് ഡയറക്ടർ ജനറൽ സഞ്ജയ് കെ. ബ്രഹ്മണെയുടെ നേതൃത്വത്തിലുള്ള സമിതിയാണ് റിപ്പോർട്ട് നൽകിയത്.

***************************

## TRAINS DELAYED

കനത്ത മൂടൽമഞ്ഞ് തുടരുന്നതിനാൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ട്രെയിൻ സർവീസുകൾ തടസപ്പെട്ടു. 19 ട്രെയിനുകൾ രണ്ട് മണിക്കൂറിലധികം വൈകിയാണ് ഓടുന്നതെന്ന് റെയിൽവേ അറിയിച്ചു. യാത്രക്കാർ ട്രെയിൻ ഷെഡ്യൂളുകൾ പരിശോധിക്കണമെന്ന് റെയിൽവേ നിർദേശിച്ചു.

***************************

## CRICKET

ഇന്ത്യ-ശ്രീലങ്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം നാളെ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ. അഞ്ച് മത്സരപരമ്പരയിൽ ഇന്ത്യ 3-0 ത്തിന് മുന്നിലാണ്.

***************************

## ASHES TEST

15 വർഷത്തെ കാത്തിരിപ്പിനൊടുവിൽ ഓസ്ട്രേലിയയിൽ ഇംഗ്ലണ്ടിന് ചരിത്ര വിജയം. മെൽബണിൽ നടന്ന ആഷസ് ടെസ്റ്റിൽ ആതിഥേയരായ ഓസ്ട്രേലിയയെ നാല് വിക്കറ്റിനാണ് ഇംഗ്ലണ്ട്

പരാജയപ്പെടുത്തിയത്. ഇതോടെ ഓസ്ട്രേലിയൻ മണ്ണിൽ വിജയം തേടിയുള്ള 15 വർഷത്തെ നീണ്ട കാത്തിരിപ്പിന് ഇംഗ്ലണ്ട് വിരാമമിട്ടു.

**************************

## GOLD RATE

സ്വർണവിലയിൽ വർധന. പവന് 880 രൂപ ഉയർന്ന് ഒരു ലക്ഷത്തി 3,560 രൂപയും, ഗ്രാമിന് 110 രൂപ വർധിച്ച് 12,945 രൂപയുമാണ് ഇന്നത്തെ വില.

**************************

## BIRD FLU

പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ആലപ്പുഴയിൽ പക്ഷികളെ കൊന്നൊടുക്കുന്ന കള്ളിങ് നടപടികൾ പൂർത്തിയായി. വരുംദിവസങ്ങളിൽ പ്രത്യേക സംഘം അണുനശീകരണം നടത്തും.

**************************

## US FLIGHTS DELAY

അമേരിക്കയിൽ ശക്തമായ ശീതക്കാറ്റ് വിമാന സർവീസിനെ പ്രതികൂലമായി ബാധിച്ചു. ആയിരക്കണക്കിന് വിമാന സർവീസുകൾ റദ്ദാക്കുകയോ വൈകുകയോ ചെയ്തു. കനത്ത മഞ്ഞുവീഴ്ചയുണ്ടാകുമെന്ന മുന്നറിയിപ്പിനെ തുടർന്ന് ന്യൂയോർക്കിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

*

*****************

**********************************